ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിമാസം 2,150 രൂപ.

(സി) ഉണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സൗകര്യപ്രദവും അനുയോജ്യവുമായ പുറംപോക്ക് സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ ആയത് ഉപയോഗപ്പെടുത്തുന്നതാണ്.

(എഫ്) ഭൂമി കണ്ടെത്തിയിട്ടില്ല.

ഓടക്കയത്തെ ട്രൈബൽ ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

69 [5446] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഓടക്കയത്ത് പ്രവർത്തിക്കുന്ന ട്രൈബൽ ഹോസ്റ്റലിന്റെ കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കെട്ടിടത്തിൽ ഇപ്പോൾ ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് പ്രവർത്തിപ്പിക്കാൻ ബദൽ സംവിധാനങ്ങളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പേരാണ് അവിടെ താമസിക്കുന്നത് എന്ന് അറിയിക്കാമോ;

(ഇ) ഹോസ്റ്റൽ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) 30 ആൺകുട്ടികൾ.

(ഇ) 1995-ൽ ഓടക്കയത്ത് ഹോസ്റ്റലിനുവേണ്ടി നിർമ്മിച്ച സ്ഥിരം കെട്ടിടത്തിലേയ്ക്ക് ഈ സ്ഥാപനം മാറ്റിസ്ഥാപിച്ചു. ഈ കെട്ടിടം നിർമ്മാണവൈകല്യത്താൽ അപകടകരമാവുകയും ഹോസ്റ്റൽ പയ്യനാപുരത്തുള്ള പരിമിത സൗകര്യങ്ങളുള്ള ഒരു സ്വകാര്യ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ചെയ്തു. ഈ കെട്ടിടത്തിലും മതിയായ സൗകര്യമില്ലാത്തതിനാൽ ഇപ്പോൾ ഓടക്കയത്തുതന്നെയുള്ള ഒരു വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly